**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5758** **08-07-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നതിന്റെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; ഏത് സർവീസ് ചട്ടപ്രകാരമാണ് പ്രസ്തുത ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ സംസ്ഥാന തല ഓഫീസിലും, ജില്ലാ തലത്തിൽ ഓരോ ജില്ലയിലും നിലവിലുള്ള തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാന തല ജീവനക്കാരുടെ വിവരങ്ങൾ |

| SCPS | | | |
|---|---|---|---|
| ക്രമ നമ്പർ | തസ്തിക | ഘടകം | എണ്ണ |
| 1 | പ്രോഗ്രാം മാനേജർ | SCPS | 1 |
| 2 | പ്രോഗ്രാം ഓഫീസർ | SCPS | 2 |
| 3 | അക്കൗണ്ടന്റ് ഓഫീസർ | SCPS | 1 |
| 4 | അസിസ്റ്റന്റ് കം ഡി. ഇ. ഒ | SCPS | 2 |
| 5 | അക്കൗണ്ടന്റ് | SCPS | 1 |
| SARA (സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി) | | | |
| 1 | പ്രോഗ്രാം മാനേജർ | SARA | 1 |
| 2 | പ്രോഗ്രാം ഓഫീസർ | SARA | 2 |
| 3 | പ്രോഗ്രാം അസിസ്റ്റന്റ് | SARA | 1 |
| ORC (ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ ) സംസ്ഥാന തലം | | | |
| 1 | പ്രോഗ്രാം ഓഫീസർ | ORC | 1 |
| 2 | റിസോഴ്സ് പെഴ്സൺ | ORC | 1 |
| 3 | അസിസ്റ്റന്റ് കം ഡി. ഇ. ഒ | ORC | 1 |
| 4 | അക്കൗണ്ടന്റ് | ORC | 1 |
| 5 | പ്രൊജക്റ്റ് അസിസ്റ്റന്റ് | ORC | 1 |

| കാവൽ /കാവൽ പ്ലസ് ശരണബാല്യം സംസ്ഥാന തലം | | | |
|---|---|---|---|
| 1 | പ്രോഗ്രാം - കോർഡിനേറ്റർ | കാവൽ | 1 |
| 2 | റസ്ക്യൂ ഓഫീസർ | കാവൽ പ്ലസ് ശരണബാല്യം | 3 |

| ചൈൽഡ് ഹെൽപ്പ് ലൈൻ സ്റ്റേറ്റ് കൺട്രോൾ റൂം - സംസ്ഥാന തലം | | |
|---|---|---|
| ക്രമ നമ്പർ | തസ്തിക | എണ്ണം |
| 1 | ഹെൽപ്പ് ലൈൻ അഡ്മിനിസ്ട്രേറ്റർ | 1 |
| 2 | ഐ. ടി സൂപ്പർവൈസർ | 1 |
| 3 | കാൾ ഓപ്പറേറ്റർ | 12 |
| 4 | മൾട്ടി പർപ്പസ് സ്റ്റാഫ് | 1 |
| 5 | സെക്യൂരിറ്റി ഗാർഡ് | 3 |

ജില്ലാ തല ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | തസ്തിക | ഘടകം | എണ്ണ |
|---|---|---|---|
| 1 | ജില്ലാ ശിശു സംരക്ഷണ ഓഫീസർ (DCPO) (on deputation) | DCPU | 14 |
| 2 | പ്രൊട്ടക്ഷൻ ഓഫീസർ (ഐ. സി) | DCPU | 14 |
| 3 | പ്രൊട്ടക്ഷൻ ഓഫീസർ (എൻ. ഐ. സി) | DCPU | 14 |
| 4 | ലീഗൽ കം പ്രൊബേഷൻ ഓഫീസർ | DCPU | 14 |
| 5 | സോഷ്യൽ വർക്കർ | DCPU | 28 |
| 6 | കൗൺസിലർ | DCPU | 14 |
| 7 | അസിസ്റ്റന്റ് കം ഡി. ഇ . ഒ | DCPU | 14 |
| 8 | അക്കൗണ്ടന്റ് | DCPU | 14 |
| 9 | ഡാറ്റാ അനലിസ്റ്റ് | DCPU | 14 |
| 10 | ഔട്ട് റീച്ച് വർക്കർ | DCPU | 28 |
| 11 | ഓ. ആർ. സി പ്രൊജക്റ്റ് അസിസ്റ്റന്റ് | DCPU | 14 |
| 12 | ഓ. ആർ. സി സൈക്കോളജിസ്റ്റ് | DCPU | 14 |
| 13 | അസിസ്റ്റന്റ് കം ഡി. ഇ. ഒ | CWC | 14 |

| | | | |
|---|---|---|---|
| 14 | റസ്ക്യൂ ഓഫീസർ | കാവൽ പ്ലസ് ശരണബാല്യം | 14 |
| 15 | അസിസ്റ്റന്റ് കം ഡി. ഇ. ഒ | JJB | 14 |
| 16 | കൗൺസിലർ (23 സ്ഥാപനങ്ങൾ) | JJ Homes | 23 |

ജില്ലാ തല ചൈൽഡ് ഹെൽപ്പ് ലൈൻ

| ക്രമ നമ്പർ | തസ്തിക | എണ്ണ |
|---|---|---|
| 1 | പ്രൊജക്റ്റ് കോർഡിനേറ്റർ | 14 |
| 2 | കൗൺസിലർ | 14 |
| 3 | ചൈൽഡ് ഹെൽപ്പ് ലൈൻ സൂപ്പർ വൈസർ | 42 |
| 4 | കേസ് വർക്കർ | 42 |

ജില്ലാ റെയിൽവേ ചൈൽഡ് ഹെൽപ്പ് ഡെസ്ക്

| ക്രമ നമ്പർ | തസ്തിക | എണ്ണ |
|---|---|---|
| 1 | ചൈൽഡ് ഹെൽപ്പ് ലൈൻ സൂപ്പർ വൈസർ | 12 |
| 2 | കേസ് വർക്കർ | 12 |

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിലുള്ള മിഷൻ വാത്സല്യ, ഓ. ആർ. സി , കാവൽ, ശരണബാല്യം എന്നീ പദ്ധതികളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പദ്ധതി മാർഗ്ഗരേഖകൾ/ ഭരണാനുമതി/കാറ്റഗറി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് അനുസരിച്ചുള്ള വേതനവും, KSR APPENDIX VIII പ്രകാരമുള്ള അവധികളും അനുവദിച്ചു വരുന്നു.

ചൈൽഡ് ഹെൽപ്പ് ലൈനിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Standard Operating Procedure അനുസരിച്ച് ആനുകൂല്യങ്ങൾ നൽകി വരുന്നു. (ഇവർ SCPS ന്റെ ഭാഗമായി അംഗീകരിക്കപ്പെട്ട ജീവനക്കാരിൽ ഉൾപ്പെടുന്നില്ല.)

(ബി) പ്രസ്തുത ജീവനക്കാർക്ക് മെറ്റേർണിറ്റി ലീവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ കരാർ അടിസ്ഥാനത്തിലുള്ള വനിത ജീവനക്കാർക്ക് 180 ദിവസത്തെ പ്രസവാവധിയ്ക്ക് അർഹതയുണ്ട്.

KSR APPENDIX VIII ലെ വ്യവസ്ഥകൾക്ക് വിധേയമായി (ചൈൽഡ് ഹെൽപ്പ് ലൈൻ ഒഴികെ) വനിത ശിശു വികസന ഡയറക്ടറുടെ 14-09-2021 തീയതിയിലെ ഐ സി പി എസ് 5/28116/16 നം സർക്കുലർ പ്രകാരം ചുവടെ ചേർക്കുന്ന അവധികൾ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | **ആകസ്മികാവധി**: ഒരു കലണ്ടർ വർഷം 12 ലീവുകൾക്ക് അർഹതയുണ്ട്.<br><br>**പ്രസവാവധി:** 04.01.2021 ലെ ജി.ഒ(പി)നം. 2/2021/ധന പ്രകാരം കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ടു മുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ 180 ദിവസത്തെ പ്രസവാവധിയ്ക്ക് അർഹതയുണ്ട്.<br><br>**ആർജിതാവധി:** കരാർ കാലാവധി ഒരു വർഷമോ അതിൽ കുറവോ ആയിരുന്നാൽ ജോലി ചെയ്യുന്ന ദിവസങ്ങൾക്ക് 1/11 എന്ന് കണക്കാക്കി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 15 ദിവസം ആർജിതാവധി അനുവദിക്കുന്നു.<br><br>**അർദ്ധവേതനാവധി (Half Pay Leave) :** കരാർ കാലാവധി ഒരു വർഷമോ അതിൽ കുറവോ ആയ ജീവനക്കാർക്ക് ആർജിതാവധി ശൂന്യമാകുന്ന പക്ഷം കരാർ കാലയളവിനുള്ളിൽ ആകെ ആർജിതാവധിയും അർദ്ധവേതനാവധിയും കൂടി 30 ദിവസത്തിൽ കവിയാൻ പാടുള്ളതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 15 ദിവസത്തെ അർദ്ധവേതനാവധി അനുവദിക്കുന്നു.<br><br>**ലീവ് സറണ്ടർ:** ORC, കാവൽ, ശരണബാല്യം എന്നീ സംസ്ഥാന പദ്ധതികളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് കാലാകാലങ്ങളിൽ ധനവകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലീവ് സറണ്ടർ അനുവദിച്ചു വരുന്നു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ വാത്സല്യ മാർഗ്ഗരേഖ പ്രകാരം ലീവ് സറണ്ടർ അനുവദനീയമല്ല.<br><br>**ഫെസ്റ്റിവൽ അലവൻസ് :** ORC, കാവൽ, ശരണബാല്യം എന്നീ സംസ്ഥാന പദ്ധതികളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് കാലാകാലങ്ങളിൽ ധനവകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചു വരുന്നു. |
| (സി) | കരാർ പുതുക്കി നിയമിതരാകുന്ന ജീവനക്കാർക്ക് മെറ്റേർണിറ്റി ലീവ് അനുവദിക്കുന്നതിന് എൺപത് ദിവസത്തെ സേവനം വേണമെന്നുള്ള നിബന്ധനയിൽ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കേരള സർവ്വീസ് ചട്ടങ്ങൾ അനുബന്ധം VIII ലെ അവധി ചട്ടങ്ങൾ ബാധകമായ കരാർ ജീവനക്കാർക്ക് പ്രസവാവധി അനുവദിക്കുന്നതിന് കരാർ കാലാവധിയിൽ 80 ദിവസത്തെ സേവനം ആവശ്യമാണ് എന്ന ചട്ടപ്രകാരമുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ